മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, പാറ പൊട്ടിക്കാൻ നിയുക്തരായിട്ടുള്ള തൊഴിലാളികൾക്ക് അവിടെ പാറ പൊട്ടിക്കുന്നതിന് ലൈസൻസ് ഇല്ലാത്തതാണ്. സാധാരണ ലൈസൻസിനു പുറമെ അതിന് എക്സ്പ്ലോസീവ് ലൈസൻസ് വേണം. അതും ഇല്ല. ഒരു ലൈസൻസുമില്ലാതെ പാറ പൊട്ടിക്കുന്നതു തടയാൻ ചെല്ലുന്ന പോലീസുകാരെ ഏതെങ്കിലും വിധത്തിൽ തിരിച്ചയയ്ക്കാറുണ്ടായിരുന്നു. ഈ എസ്. ഐ. വന്നതിനുശേഷം വളരെ എഫക്ടീവായിട്ട് ഫംഗ്ഷൻ ചെയ്യാൻ തുടങ്ങി. കഴിഞ്ഞ ഒന്നൊന്നര കൊല്ലമായിട്ട് റെഗുലറായിട്ട് അവരുടെ പേരിൽ കേസ് സെടുക്കുകയും കേസുണ്ട് എന്ന് അറിഞ്ഞാൽ ഉടനെ അവർ കോടതിയിൽ പോയി ജാമ്യമെടുക്കുകയും ചെയ്യും. എന്തായാലും നിയമവിരുദ്ധമായിട്ടുള്ള നടപടികളെ തടയും. തൊഴിലാളികൾ ആവശ്യമായ ലൈസൻസ് എടുത്താൽ അവിടെ പാറപൊട്ടിക്കാൻ വേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതാണ്.

(18) അമിതമായ വസ്തുനികുതി ഈടാക്കൽ

ശ്രീ. കെ. ജെ. ജോർജ്: എന്റെ നിയോജകമണ്ഡലത്തിൽ ചാലക്കുടി മുനിസിപ്പാലിറ്റിയിൽ 1986-87 സാമ്പത്തിക വർഷത്തിൽ വസ്തു നികുതിയുടെ പേരിൽ ലക്ഷക്കണക്കിന് രൂപ കൂട്ടിയിരിക്കുകയാണ്. അഞ്ചു വർഷം കഴിയുമ്പോൾ നികുതി വർദ്ധിപ്പിക്കുന്നത് ശരിയാണ്, പക്ഷേ പത്തുപന്ത്രണ്ട് ഇരട്ടി വസ്തുനികുതി കൂട്ടിയിരിക്കുകയാണ്. ചെറിയ കുടിലുകൾക്കുപോലും നികുതി വച്ചിരിക്കുകയാണ്. മുനിസിപ്പൽ ആക്ടിൽ ചെറിയ കുടിലുകളെ നികുതിയിൽ നിന്ന് ഒഴിവാക്കാൻ വ്യവസ്ഥയുണ്ടെങ്കിൽപോലും അതൊക്കെ ലംഘിച്ച് ഇന്ന് കുടിലുകൾക്കുവരെ വസ്തുനികുതി ഈടാക്കിക്കൊണ്ടിരിക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. ഇതിനെക്കുറിച്ച് അന്വേഷണം നടത്തി പരിഹാരം ഉണ്ടാക്കുന്നതുവരെ കൂട്ടിയ നികുതി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെടുകയാണ്. അതിനുള്ള നിർദ്ദേശം ഉത്തരവ് കൊടുക്കണം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പത്തുപന്ത്രണ്ട് ഇരട്ടി നികുതി നാലുമുതൽ കാലത്ത് വർദ്ധിപ്പിച്ചു എന്നാണ്. പൂർവ്വകാല പ്രാബല്യത്തോടുകൂടി ഏർപ്പെടുത്തിയ ആ നികുതി വർദ്ധനവിനെ ഹൈക്കോടതിയിൽ ചോദ്യം ചെയ്യുകയും ഹൈക്കോടതി സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഹൈക്കോടതിയുടെ തീരുമാനം വരട്ടെ, അതുവരെ നമുക്ക് കാത്തിരിക്കാം. ഇപ്പോഴത്തെ നിയമത്തിൽ എന്തെങ്കിലും നികുതി റേറ്റ് നിശ്ചയിച്ചാൽ അതിനെതിരെ റിവിഷൻ കമ്മീഷണർക്ക് കൊടുക്കാം, അപ്പീൽ കൗൺസിലിനും കൊടുക്കാം. ഇപ്പോൾതന്നെ 2473 റിവിഷൻ പെറ്റീഷൻ കമ്മീഷണറുടെ മുൻപാകെ കിടക്കുന്നുണ്ട്, അതിൽ 1332 പേരുടെ കേസ് തീരുമാനമായി. ഒരു കാര്യം ഞാൻ ഉറപ്പു നൽകാം. എക്സ്പേർട്ടിറ്റിയിൽ ഏതെങ്കിലും രീതിയിൽ ആർബിട്രറിയായിട്ട് പ്രവർത്തിക്കുന്നുണ്ട് എങ്കിൽ തീർച്ചയായും ഗവൺമെന്റ് അത് പരിശോധിക്കാം. പക്ഷേ ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകുകയില്ല, എന്നായാലും അഗ്രീവ്ഡായിട്ടുള്ള പാർട്ടി നിയമപരമായ ഫോറംസ് ഉപയോഗിക്കണം.

LIBRARY ARCHIVES Kerala Legislative Assembly